പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 4004 | 12/12/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | എ) | ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിയ്ക്കുന്നതിനുവേണ്ടി ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥാപനം പൂർത്തിയാകാത്തതിനാലാണ് കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ താമസം നേരിടുന്നത് . |
| ബി) | എന്തെല്ലാം നടപടികൾ സ്വീകരിച്ചാലാണ് ടി ആശുപത്രി പ്രവർത്തനക്ഷമമാകുന്നതെന്ന് വിശദമാക്കാമോ; | ബി) | ടി കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിയ്ക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇനിയും ആവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) | ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ക്യാന്റീൻ, പാർക്കിംഗ് സൗകര്യം, ലിഫ്റ്റ് എന്നിവ ഉൾപ്പെടുത്തി ഒരു ബഹുനില ആശുപത്രി കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ